LIBRARY ARCHIVES Kerala Legislative Assembly

കാരുണ്യ ബെനവലന്റ് ഫണ്ട്

139 (111) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് കൂടുതൽ ഗുരുതരമായ രോഗങ്ങളെക്കൂടി ഉൾപ്പെടുത്തി വിപുലീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ സങ്കീർണ്ണതകൾ പരിഗണിച്ച് അതാതു ആശുപത്രി വഴി നേരിട്ട് അപേക്ഷ സ്വീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിലുള്ള ചികിത്സാ പാക്കേജുകൾ/ പ്രൊസീജിയർ പുതുക്കുന്നതിനും ആവശ്യമെങ്കിൽ ഗുരുതരമായ, രോഗങ്ങളെക്കൂടി ഉൾപ്പെടുത്തുന്നതിനുമുള്ള പ്രൊസീജിയറുകൾ കൈകാര്യം ചെയ്യുന്നതിനുമായി ഒരു പ്രത്യേക കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

കാരുണ്യ ചികിത്സാ പദ്ധതി

140 (112) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ലോട്ടറി വില്പനയിലൂടെ ഇതുവരെ എന്ത് തുക സമാഹരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) കാരുണ്യചികിത്സാ പദ്ധതിയിലൂടെ നിർദ്ധനരായ രോഗികൾക്ക് എന്ത് തുക വിതരണം ചെയ്തിട്ടുണ്ട്;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട കുടിശ്ശിക കൊടുത്തു തീർക്കാനുണ്ടോ; ഉണ്ടെങ്കിൽ സർക്കാർ- സ്വകാര്യ ആശുപത്രികൾക്ക് എന്ത് തുക വീതം കൊടുത്തു തീർക്കാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) യഥാസമയം ചികിത്സാ തുക ലഭിക്കാത്തതുമൂലം എത്ര സ്വകാര്യ ആശുപത്രികൾ ഈ പദ്ധതിയിൽ നിന്നും ഇതുവരെ പിന്മാറിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ലോട്ടറികളുടെ ചെലവുകൾ കഴിച്ചുള്ള അറ്റാദായമാണ് കാരുണ്യ ചികിത്സാ സഹായ പദ്ധതിക്കായി വിനിയോഗിക്കുന്നത്. കാരുണ്യ ലോട്ടറിയുടെ അറ്റാദായം 546.30 കോടി രൂപയും, കാരുണ്യ പ്ലസ് ലോട്ടറിയുടെ അറ്റാദായം 250.37 കോടി രൂപയുമാണ്.

(ബി) നാളിതുവരെ കാരുണ്യ ചികിത്സാ പദ്ധതിപ്രകാരം 698.59 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

(സി) യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ സർക്കാർ ആശുപത്രികളിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് മാത്രമേ കൂടിശ്ശികയായി നൽകാനുള്ള തുക എത്രയെന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ. സ്വകാര്യ ആശുപത്രികൾക്ക് 24.51 കോടി രൂപ കൂടിശ്ശികയായി കൊടുത്തുതീർക്കാനുണ്ട്.

(ഡി) യഥാസമയം ചികിത്സാ തുക ലഭിക്കാത്തതുമൂലം നാളിതുവരെ ഒരു സ്വകാര്യ ആശുപത്രിയും പദ്ധതിയിൽനിന്നും പിന്മാറിയിട്ടില്ല.

കാരുണ്യ ബെനവലന്റ് പദ്ധതി

141 (113) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് പദ്ധതിയിൽ അപേക്ഷ നൽകിയവരിൽ നിന്നും ഉത്തരവിന് കാത്ത് നിൽക്കാതെ ആശുപത്രി അധികൃതർ ബില്ലടയ്ക്കാൻ നിർബന്ധിക്കുന്നതായും ബ്ലാങ്ക് ചെക്കുകൾ വാങ്ങിവെക്കുന്നതായുമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കാരുണ്യ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടും ആശുപത്രി ബില്ലടയ്ക്കേണ്ടി വന്ന എത്ര പേർക്ക് തുക തിരിച്ച് (റീ-ഇംബേഴ്സ്) നൽകാനുണ്ട് :

(ഡി) റീ ഇംബേഴ്സ് ചെയ്യുന്നതിലെ കാലതാമസത്തിനുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ഇ) തുക എന്നത്തേക്ക് മടക്കി നൽകാനാകുമെന്ന് വിശദമാക്കാമോ?

ഉത്തരം

LIBRARY ARCHIVES Kerala Legislative Assembly